# കേരളസർവകലാശാല

നം.പി.ആർ.91/2021

## പത്രക്കുറിപ്പ്

## സൂക്ഷ്മപരിശോധന മാറ്റി

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്.) റെഗുലർ – 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2016, 2015 & 2014 അഡ്മിഷൻ (മാർച്ച് 2020) പരീക്ഷയുടെ ഏപ്രിൽ 24 ന് നടത്താനിരുന്ന സൂക്ഷ്മപരിശോധന ഏപ്രിൽ 26 ലേക്ക് മാറ്റിയിരിക്കുന്നു.

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന കരിയർ റിലേറ്റഡ് ബി.എ./ബി.എസ്.സി./ബി.കോം./ബി.പി.എ./ബി.ബി.എ./ബി.സി.എ./ബി.എസ്.ഡബ്ല്യൂ. എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) കോഴ്സുകൾക്ക് 2012, 2011, 2010 അഡ്മിഷൻ മേഴ്സിചാൻസ് പരീക്ഷകൾക്കുളള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഏപ്രിൽ 28 വരെയും 150 രൂപ പിഴയോടെ മെയ് 3 വരെയും 400 രൂപ പിഴയോടെ മെയ് 5 വരെയും രജിസ്റ്റർ ചെയ്യാം. പരീക്ഷാഫീസുകൾക്കു പുറമേ നിർദ്ദിഷ്ട മേഴ്സിചാൻസ് ഫീസ് കൂടി അടച്ചു വേണം രജിസ്ട്രേഷൻ ചെയ്യേണ്ടത്. ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. സ്പെഷ്യൽ പരീക്ഷയിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക് 2021 മെയിൽ നടക്കുന്ന നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 1 വരെയും പിഴയോടെ മെയ് 4 വരെയും സൂപ്പർഫൈനോടെ മെയ് 6 വരെയും നേരിട്ട് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

## എസ്.ഡി.സി. ഹിയറിംഗ് മാറ്റി

കേരളസർവകലാശാല പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് ഏപ്രിൽ 23 ന് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളുടെ പേഴ്സണൽ ഹിയറിംഗ്, കോവിഡ് 19 വ്യാപനം കാരണം മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
22.04.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**